# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 733 — 03/11/2011 - ൽ മറുപടിക്ക്

## മജീദിയ വേജ് ബോർഡ് ശുപാർശ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സാജുപോൾ<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.എം.ഹംസ | ശ്രീ. കെ.സി.ജോസഫ്<br>(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) പത്ര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പത്രപ്രവർത്തകർക്കും ജീവനക്കാർക്കും സേവനവേതന പരിഷ്കരണം നടപ്പാക്കിയത് ഏത് വർഷത്തിലാണ് ; | (എ) 2000 - ൽ. |
| (ബി) മജീദിയ വേജ് ബോർഡ് ശുപാർശ പ്രകാരം പത്രപ്രവർത്തകർക്ക് അർഹമായ സേവനവേതന പരിഷ്കരണം കേന്ദ്ര സർക്കാർ നടപ്പാക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ ഇക്കാര്യം ഉടനെ നടപ്പാക്കണ മെന്ന ആവശ്യം കേന്ദ്രത്തിൽ ഉന്നയിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) ഇക്കാര്യം മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

*വിശദീകരണക്കുറിപ്പ്*

പത്രപ്രവർത്തകർക്കായും പത്രജീവനക്കാർക്കുമായി നടപ്പിലാക്കേണ്ട വേജ്ബോർഡ് ശുപാർശ സംബന്ധിച്ച വിഷയങ്ങൾ സംസ്ഥാന തലത്തിൽ കൈകാര്യം ചെയ്യുന്നത് തൊഴിലും പുനരധിവാസവും വകുപ്പാണ്. മജീദീയ വേജ് ബോർഡ് ശുപാർശ നടപ്പാക്കുന്നത് സംബന്ധിച്ചുള്ള നിയമസഭാചോദ്യത്തിന്റെ റിപ്പോർട്ട് തൊഴിൽ വകുപ്പിൽ നിന്നും ആരാഞ്ഞിരുന്നു. പത്ര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പത്ര പ്രവർത്തകർക്കും പത്ര ജീവനക്കാർക്കും സേവന വേതന പരിഷ്ക്കരണം നടപ്പാക്കിയത് 2000ൽ ആണെന്നും മജീദിയ വേജ്ബോർഡ് ശുപാർശ പ്രകാരം പത്ര പ്രവർത്തകർക്ക് അർഹമായ സേവനവേതന പരിഷ്ക്കരണം കേന്ദ്രസർക്കാർ നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും തൊഴിൽ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇക്കാര്യം ഉടനെ നടപ്പാക്കണമെന്ന ആവശ്യം കേന്ദ്രത്തിൽ ഉന്നയിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനിക്കേണ്ടതാണ്.